റീസർവ്വേ നടപടികളും മിച്ചഭൂമി കേസുകളും

185(891) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് റീസർവ്വേ നടപടികൾ ആരംഭിച്ചിട്ടുള്ളതെന്നും ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത നടപടികൾ പൂർത്തിയായിട്ടുള്ളതെന്നും വ്യക്തമാക്കാമോ :

(ബി) മിച്ചഭൂമി കേസുകൾ തീർപ്പുകൽപ്പിക്കാൻ ബാക്കിയുള്ള ജില്ലകളും കേസുകളുടെ എണ്ണവും സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും റീസർവ്വേ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 20 താലൂക്കുകളിൽ റീസർവ്വേ പൂർത്തിയായി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി) ഒക്ടോബർ 2010 വരെ മിച്ചഭൂമി കേസുകൾ തീർപ്പു കൽപ്പിക്കാൻ ബാക്കിയുള്ള ജില്ലകളും ; കേസ്സുകളുടെ എണ്ണവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ജില്ല	തീർപ്പു കൽപ്പിക്കുവാൻ ബാക്കിയുള്ള കേസുകളുടെ എണ്ണം
തിരുവനന്തപുരം	27
കൊല്ലം	51
പത്തനംതിട്ട	19
ആലപ്പുഴ	34
കോട്ടയം	49
ഇടുക്കി	68
എറണാകുളം	24
തൃശ്ശൂർ	9
പാലക്കാട്	225
മലപ്പുറം	263
കോഴിക്കോട്	93
വയനാട്	104
കണ്ണൂർ	181
കാസർഗോഡ്	225
ആകെ	1372

LIBRARY ARCHIVES Kerala Legislative Assembly